# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.109 03/12/2015-ലെ മറുപടിക്ക്

## ഹയർ സെക്കന്ററി അദ്ധ്യാപക സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>,, വി.ശിവൻകുട്ടി<br>,, കെ.സുരേഷ് കുറുപ്പ്<br>,, ബാബു എം. പാലിശ്ശേരി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി അദ്ധ്യാപക സ്ഥലംമാറ്റ ഉത്തരവിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഓൺ ലൈൻ ആയാണ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചത്. ഹയർ സെക്കന്ററി ഡയറക്ടറുടെ 21/09/2015-ൽ പുറപ്പെടുവിച്ച ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലമാറ്റ ഉത്തരവിൽ ചില അപാകതകളും/പിശകുകളും കടന്നു കൂടിയതായി ശ്രദ്ധയിൽ പ്പെട്ടതിനെതുടർന്ന് 29/09/2015-ലെ 52982/യു1/15/പൊവി കത്ത് പ്രകാരം ടി സ്ഥലംമാറ്റ ഉത്തരവ് സർക്കാർ മരവിപ്പിക്കുകയുണ്ടായി. |
| (ബി) അദ്ധ്യാപക സ്ഥലംമാറ്റത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; സ്ഥലംമാറ്റ ഉത്തരവിറക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം നടത്തുവാനുള്ള അധികാരം ഹയർ സെക്കന്ററി ഡയറക്ടറിൽ നിക്ഷിപ്തമാണ്. 27/05/2009-ലെ സ.ഉ. (പി.) 115/2009/പൊവിവ നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിയിരുന്നത്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ അപര്യാപ്തമായതിനാൽ ഹയർ |

| | | | |
|---|---|---|---|
| | | | സെക്കന്ററി അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ 27/05/2015-ലെ സ.ഉ.(പി.) നം. 143/15/പൊവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്രോഡീകരിച്ച് ഭേദഗതി ചെയ്യപ്പെട്ടു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റ ഉത്തരവിറക്കിയത്. |
| (സി) | ഒരു സ്കൂളിലെ ഒരേ തസ്തികയിലേയ്ക്ക് ഒന്നിലധികം അദ്ധ്യാപകരെ നിയമിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; | (സി) | സർക്കാർ മരവിപ്പിച്ച ഹയർ സെക്കന്ററി ഡയറക്ടറുടെ 21/09/2015-ലെ സ്ഥലം മാറ്റ ഉത്തരവിൽ, ഇപ്രകാരം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സ്ഥലംമാറ്റത്തിനു പിന്നിൽ കോഴ ഇടപാട് നടന്നതായ ആരോപണം ഉയർന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ; | (ഡി) | ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ ഇത് സംബന്ധിച്ച വാർത്തകൾ ഉണ്ടായിരുന്നു. ആയത് പരിശോധിക്കാൻ ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | തെരഞ്ഞെടുപ്പ് ചട്ടം മറികടന്ന് സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങാനിടയായ സാഹചര്യമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | തിരഞ്ഞെടുപ്പ് ചട്ടം മറികടന്നുകൊണ്ട് ഹയർ സെക്കന്ററി വകുപ്പിൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (എഫ്) | അദ്ധ്യയനവർഷത്തിന്റെ മദ്ധ്യത്തിൽ നടത്തിയ അദ്ധ്യാപകരുടെ സ്ഥലംമാറ്റം വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം നടത്തുവാനുള്ള അധികാരം ഹയർ സെക്കന്ററി ഡയറക്ടറിൽ നിക്ഷിപ്തമാണ്. കഴിഞ്ഞ രണ്ട് അക്കാദമിക് വർഷങ്ങളിൽ വിവിധ കാരണങ്ങളാൽ ഹയർസെക്കന്ററി അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റം നടന്നിരുന്നില്ല. പൊതുസ്ഥലംമാറ്റം നടക്കാതിരുന്നതിനാൽ വർഷങ്ങളായി വടക്കൻ ജില്ലകളിൽ ജോലി ചെയ്തുവരുന്ന അർഹതയുണ്ടായിട്ടും സ്ഥലംമാറ്റം ലഭിക്കാത്ത വനിതകൾ ഉൾപ്പെടെയുള്ള നിരവധി |

അദ്ധ്യാപകരുടെ പ്രയാസങ്ങൾ കണക്കിലെടുത്താണ് പൊതുസ്ഥലംമാറ്റം ഈ വർഷം നടത്താൻ തീരുമാനിച്ചത്. എന്നാൽ മധ്യവേനൽ അവധി കഴിഞ്ഞുള്ള സ്ഥലംമാറ്റത്തെ ചോദ്യം ചെയ്തുകൊണ്ട് ഒരുകൂട്ടം അദ്ധ്യാപകർ ബഹു.ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ മധ്യവേനൽ അവധിക്കാലത്ത് ആയിരിക്കണം സ്ഥലംമാറ്റം നടത്തേണ്ടത് എന്ന സ്ഥലംമാറ്റ മാനദണ്ഡത്തിലെ Clause I വ്യവസ്ഥ ഈ വർഷത്തെ സ്ഥലംമാറ്റത്തിന് ബാധകമാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിക്കുകയും ആയത് ബഹു. ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 21.09.2015-ൽ ഹയർസെക്കന്ററി ഡയറക്ടർ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത്. ടി ഉത്തരവ് പ്രകാരം 1127 അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകിയതിൽ 75% അദ്ധ്യാപകർ ഇതിനോടകം ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞു. എന്നാൽ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാലും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇതു സംബന്ധിച്ച ഇടക്കാല ഉത്തരവുകൾ ഉണ്ടായിരുന്നതിനാലും സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പെട്ട അദ്ധ്യാപകരുടെ ഒഴിവുകളിൽ പകരം നിയമനം നടത്താൻ യഥാസമയം കഴിഞ്ഞില്ല. ഇപ്പോൾ ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ